# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2499 — 05.11.2019-ൽ മറുപടിക്ക്

## മുഴുവൻ വീടുകളിലും വൈദ്യുതി

| | ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള സർക്കാർ പദ്ധതി എന്നാണ് പൂർത്തീകരിച്ചത് എന്നും പ്രസ്തുത പദ്ധതിയിൽ ഈ സർക്കാർ കാലയളവിൽ എത്ര പുതിയ കണക്ഷനുകൾ നല്കി എന്നും ഇതിനായി വൈദ്യുത സേവന മേഖലയിൽ ഏതെല്ലാം ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിച്ചെന്നും എന്തെല്ലാം വിവര സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പാക്കിയത് എന്നും വ്യക്തമാക്കുമോ; | (എ) | മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള സർക്കാർ പദ്ധതി 29.05.2019-ന് ആണ് പൂർത്തീകരിച്ചത്. സർക്കാർ ആവിഷ്കരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.<br>ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 -ലെ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ സർവീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.<br>100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ ഊർജ്ജ വകുപ്പ് തീരുമാനിക്കുകയും കെ.എസ്.ഇ.ബി അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.<br>പദ്ധതിയുടെ ഭാഗമായി 65 കി.മീ 11 കെ.വി ഓവർഹെഡ് ലൈനുകളും 40 കി.മീ 11 കെ.വി ഭൂഗർഭ കേബിളുകളും 3040 കി.മീ എൽ.റ്റി ഓവർഹെഡ് ലൈനുകളും 39 കി.മീ എൽ.റ്റി ഭൂഗർഭ കേബിളുകളും 21 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതീകരണ പദ്ധതിക്കായി ഏകദേശം 175 കോടി രൂപയാണ് ആകെ ചെലവായത്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ഇ.ബി. യുടെ പ്രവർത്തന ചെലവുകളും വൈദ്യുതി വാങ്ങൽ ചെലവുകളും എപ്രകാരം യുക്തി സഹമാക്കി എന്നും ആയതുവഴി എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ എപ്രകാരം വൈദ്യുതി ലഭ്യത ഉറപ്പാക്കി എന്നും ആയതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ 30 ശതമാനം മാത്രമേ ആഭ്യന്തര ഉത്പാദനത്തിൽ നിന്ന് നിറവേറ്റാൻ സാധ്യമാകുന്നുള്ളു. ഇതിൽ താരതമ്യേന ചിലവ് കുറഞ്ഞ ജലവൈദ്യുതി മഴക്കാലത്ത് ഉത്പാദനം കുറച്ചും ഉപഭോഗം വർദ്ധിക്കുന്ന വേനൽക്കാലത്ത് ഉത്പാദനം വർദ്ധിപ്പിച്ചും ഉപയോഗിക്കുന്നു. കൂടാതെ സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ സംരംഭകരിൽ നിന്ന് കെ.എസ്.ഇ.ആർ.സി അംഗീകരിച്ച നിരക്കുകൾ പ്രകാരമാണ് വൈദ്യുതി വാങ്ങുന്നത്.<br>അവശേഷിക്കുന്ന 70% വൈദ്യുതി സംസ്ഥാനത്തിനു പുറത്തുനിന്ന് താഴെ പറയുന്ന പ്രകാരമാണ് നിറവേറ്റുന്നത്.<br>(a) സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കുകൾ പ്രകാരം കേന്ദ്ര പൂളിൽനിന്നും, ദീർഘകാല കരാറുകൾ മുഖേനയും.<br>(b) ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള മത്സരാധിഷ്ഠിത ടെൻഡർ മുഖേന തീരുമാനിച്ച നിരക്കുകളുള്ള ദീർഘകാല കരാർ മുഖേന സ്വകാര്യ ഉല്പാദകരിൽ നിന്നും.<br>ഇവകൂടാതെ ഉപഭോഗം വർദ്ധിക്കുന്ന വേനൽക്കാലത്ത് അന്യ സംസ്ഥാനങ്ങളിലെ ഉല്പാദകരുമായി ബാങ്കിംഗ് കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി വാങ്ങിയും, വർഷകാലത്ത് തിരിച്ച് നൽകിയും, ഉപഭോഗം നിറവേറ്റുന്നു. ദൈനം ദിനാവശ്യങ്ങൾക്കായി പവർ എക്സ്ചേഞ്ച് മുഖേന താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാറുണ്ട്. ഇപ്രകാരം 2018-19 കാലയളവിൽ കെ.എസ്.ഇ.ബി-യുടെ ശരാശരി വൈദ്യുതി വാങ്ങൽ നിരക്ക് Rs.4.36/യൂണിറ്റ് ആയിരുന്നു.<br>മേൽ പറഞ്ഞ യുക്തിസഹമായ വൈദ്യുതി വാങ്ങൽ പ്രക്രിയയിലൂടെ ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വൈദ്യുതി നിരക്കിൽ നിയന്ത്രണങ്ങളില്ലാതെ വൈദ്യുതി എത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ